## 896

ചെറിയകൂട്ടമേ നിങ്ങൾ ഭയപ്പെടരുതിനി
പരമരാജ്യം തരുവതിന്നു താതന്നിഷ്ടമാം

1 ഉറപ്പും ധൈര്യവും നല്ല സ്ഥിരയും കലർ-
ന്നൊരുങ്ങി നിൽപ്പിൻ തിരുവചനം അനുസരിക്കുവാൻ-

2 വരുമനവധി കഷ്ടം നമുക്കു ധരണിയിൽ
കുരിശെടുത്തു പരനെ നിത്യം അനുഗമിക്കണം-

3 യേശുക്രിസ്തുവിൽ ഭക്തിയോടെ ജീവിപ്പാൻ
ആശിച്ചിടുന്നവർക്കു പീഡയു   ു നിർണ്ണയം-

4 പ്രതിഫലത്തിന്മേൽ നോട്ടം വച്ചു സഹിക്ക നാം
വിധിദിനത്തിൽ നമുക്കു നല്ല ധൈര്യമേകുവാൻ-

5 ദാനിയേലിന്നായ് സിംഹവായടച്ചവൻ
വാനിൽ ജീവിക്കുന്നു നമ്മെ കാവൽ ചെയ്യുവാൻ-

6 മരണത്തോളം തൻ ദിവ്യചരണമില്ലയോ
ശരണമായി നമുക്കു മേലിൽ അരുതു ചഞ്ചലം-

**P.V.T.**